(സി) പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുമ്പോൾ മാത്രമേ കേന്ദ്ര സഹായം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരികയുള്ളൂ.

(ഡി) ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിലേക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനത്തിനും ഏകോപനത്തിനും തുടർനടത്തിപ്പിനുമായി ഒരു പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും തിരുവനന്തപുരത്ത് ഓഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഐ.ടി. ഡെസ്റ്റിനേഷൻ

6 (*36) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ ഐ.ടി. ഡെസ്റ്റിനേഷനായി മാറ്റിയെടുക്കുന്നതിലേക്ക് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവെന്നും ഏതെല്ലാം മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയെന്നും എത്ര രൂപ മുടക്കിയെന്നും വ്യക്തമാക്കാമോ ;

(ബി) ഇതുകൊണ്ട് സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ ; ഇതുമൂലം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) കേരളത്തെ ഒരു ഐ.ടി. ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിനായി സർക്കാർ നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിവര സാങ്കേതികവിദ്യാ മേഖലയിലെ വിവിധ ഘടകങ്ങളുടെ വികസനത്തിനായി സർക്കാർ പുതിയ ഐ.ടി. നയം പ്രഖ്യാപിച്ചു. വിവര സാങ്കേതികവിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഹൈടെക് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങി ഐ.ടി./ഐ.ടി. അധിഷ്ഠിത മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് സർക്കാർ പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുള്ളത്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ പ്രധാന പാർക്കുകൾ കേന്ദ്രമാക്കി 'ഹബ് & സ്പോക്ക്' (Hub & Spoke) മാതൃകയിൽ ഐ.ടി. പാർക്കുകൾ ആരംഭിക്കുകയും ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ ഐ.ടി. വ്യവസായം സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ടെക്നോപാർക്കിന്റെ കീഴിൽ കണ്ടറയിലും, ഇൻഫോപാർക്കിന്റെ കീഴിൽ ചേർത്തലയിലും കൊരട്ടിയിലും ഐ.ടി. പാർക്കുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സൈബർപാർക്കിന്റെ കീഴിൽ കണ്ണൂരും കാസർഗോഡും ഐ.ടി. പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കോട്ടയം ജില്ലയിലെ വലവൂരിൽ ഐ.ടി. പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ അരീക്കോട്, പാലക്കാട് ജില്ലയിൽ കൊപ്പം, കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലെ എരഞ്ഞോളി എന്നിവിടങ്ങളിൽ റൂറൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചില ജില്ലകളിൽ ടെക്നോ ലോഡ്കളും പ്രവർത്തിച്ചു വരുന്നുണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവടങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാന സർക്കാർ ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്നതിനോടൊപ്പം തന്നെ, പുതിയ ഐ.ടി. സംരംഭകരെക്കൂടി ഐ.ടി. സംഘത്തിൽ ഉൾപ്പെടുത്തി യൂറോപ്പ്, ആസ്ട്രേലിയ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലെ രാജ്യങ്ങളിൽ നടന്ന ഐ.ടി. മേളകളിലും മറ്റും പങ്കെടുക്കുന്നതിനായി അവസരം നൽകി. ഇതുവഴി എസ്.എം.ഇ. കമ്പനികൾക്കും സി.ഇ.ഒ.-മാർക്കും 'ഗ്ലോബൽ എക്സ്പോഷർ'-നുള്ള അവസരം ലഭിച്ചു. ദേശീയ-അന്തർദ്ദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതുസംരംഭകർക്ക് അവസരം ഒരുക്കുവാനും ഇതുമൂലം സാധിച്ചിട്ടുണ്ട്.

ഐ.ടി. ഫെയറുകളിൽ പങ്കെടുത്ത് മാർക്കറ്റ് ചെയ്യുന്നതിനായി കേരള ഐ.ടി. ('Kerala IT') എന്നൊരു ബ്രാൻഡ് ഉണ്ടാക്കുകയും GITEX, CEBIT, NASSCOM SUMMITS എന്നിവയിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടത്തിലുൾപ്പെടുന്ന 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. ഇത് പൂർത്തിയാകുന്നതോടുകൂടി 5000 ഐ.ടി. പ്രൊഫഷണലുകൾക്കുകൂടി ജോലി ലഭ്യമാകുമെന്ന് കണക്കാക്കുന്നു. സാമ്പത്തിക ആനുകൂല്യങ്ങൾ ഐ.ടി. കമ്പനികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി, കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ മാനേജ്മെന്റ് സെൽ രൂപീകരിക്കുകയും ഇതിലൂടെ സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരികയും ചെയ്യുന്നുണ്ട്. ഈ പദ്ധതി വഴി ഇതുവരെ 9 കോടിയിലേറെ തുക കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

സ്കൂൾ തലം മുതൽ തന്നെ സംരംഭകരാകുന്നതിനുള്ള പ്രോത്സാഹനവും സഹായവും നൽകി മികച്ച സംരംഭകരെ വാർത്തെടുക്കുന്നതിനായുള്ള വിവിധ പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കിവരുന്നു. സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ നൽകുന്നതിനാവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ടെക്നോപാർക്ക് കാമ്പസിലെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേഷൻ സെന്ററിൽ ഒരുക്കിയിട്ടുണ്ട്. ഇൻഫോപാർക്കിൽ നാസ്കോമുമായി സഹകരിച്ച് ഒരു സ്റ്റാർട്ടപ്പ് ഫെയർഹൗസ് സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം കളമശ്ശേരിയിൽ ടെക്നോളജി ഇന്നവേഷൻ സോൺ എന്ന പേരിൽ ഒരു ഇന്നവേഷൻ ഹബ്ബ് സ്ഥാപിച്ചുവരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ നാളിതുവരെ 63.79 കോടി രൂപ മുടക്കിയിട്ടുണ്ട്. 2011 മാർച്ച് 1-ന് പ്രവർത്തിച്ചു തുടങ്ങിയ അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്വെയർ കേന്ദ്രം (ഐ.സി.ഫോസ്) സ്വതന്ത്ര സോഫ്റ്റ്വെയർ പ്രചരണത്തിനും സ്വതന്ത്ര സോഫ്റ്റ്വെയറിന്റെ ശക്തി പ്രയോജനപ്പെടുത്തി പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

കേരളത്തെ ഒരു ഐ.ടി. ഡെസ്റ്റിനേഷൻ ആക്കി മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്കുള്ള ഒരു സുപ്രധാന ചുവടുവയ്പ്പായി 15-8-2015-ൽ സംസ്ഥാനത്തെ ഡിജിറ്റൽ സംസ്ഥാനമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് തലം വരെ അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്ന നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് (National Optical Fibre Network) പദ്ധതി സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലം വരെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ നൂതന രൂപമായ ഭാരത് നെറ്റ് (Bharatnet) പദ്ധതിക്കായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (Special purpose vehicle) രൂപീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുവാൻ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനായി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുവാനായി പൊതു/സ്വകാര്യ ടെലികോം സേവന ദാതാക്കൾക്ക് 2001 മുതൽക്ക് 'റൈറ്റ് ഓഫ് വേ' (RoW) അനുമതി നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ മൊബൈൽ കണക്ടിവിറ്റി മെച്ചപ്പെടുത്തുവാൻ മൊബൈൽ ടവറുകൾ നിർമ്മിക്കാനുള്ള അനുമതിയും പാട്ടക്കരാർ വ്യവസ്ഥയിൽ സർക്കാർ ഭൂമികളിലും കെട്ടിടങ്ങളിലും മൊബൈൽ ടവറുകൾ നിർമ്മിക്കുവാനുള്ള അനുമതിയും ടെലികോം സേവന ദാതാക്കൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വൈ-ഫൈ (Wi-Fi) ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ നിന്നുള്ള കമ്പനികളിൽ നിന്നു മാത്രം ഏകദേശം 8252 കോടി രൂപയുടെ വാർഷിക സോഫ്റ്റ്വെയർ കയറ്റുമതിയും, ഏകദേശം 80000-ത്തോളം വരുന്ന നേരിട്ടുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ കമ്പനികളിൽ നിന്നും പ്രതിവർഷം നികുതിയിനത്തിൽ സർക്കാരിന് ഗണ്യമായ തുക ലഭിക്കുന്നുണ്ട്. ഐ.ടി. മേഖലയിലും അനുബന്ധ മേഖലകളിലുമുള്ള പ്രത്യക്ഷമായും പരോക്ഷമായുമുള്ള നിരവധി തൊഴിലവസരങ്ങൾ അഭ്യസ്തവിദ്യർക്ക് താൽപ്പര്യമുള്ള മേഖലകളിൽ ലഭ്യമാകുന്ന തൊഴിൽ സാധ്യതകൾ, ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾ/ സ്വകാര്യ നിക്ഷേപങ്ങൾ എന്നിവ മൂലമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച, സംസ്ഥാനത്തുണ്ടായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ, വാർത്താവിനിമയ സംവിധാനങ്ങൾ, നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടിയ ആരോഗ്യ സ്ഥാപനങ്ങൾ, വിനോദോപാധികൾ, സാമൂഹ്യ-സാംസ്കാരിക രംഗത്തെ പുരോഗതി, ഉയർന്ന ജീവിത നിലവാരം എന്നിവയും നേട്ടങ്ങളാണ്. മികച്ച സാങ്കേതിക നൈപുണ്യമുള്ളവർ രാജ്യത്തിനു പുറത്തേയ്ക്കും അന്യ സംസ്ഥാനങ്ങളിലേയ്ക്കും തൊഴിലവസരങ്ങളന്വേഷിച്ചു പോകുന്ന സാഹചര്യം പരമാവധി ഇല്ലാതാക്കി അവരുടെ വൈദഗ്ധ്യം ഐ.ടി. വ്യവസായ മേഖലയുടെ വികസനത്തിന് പരമാവധി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. ഐ.ടി. സ്റ്റാർട്ടപ്പ് മേഖലയെ സംബന്ധിച്ച് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രസ്തുത മേഖലയിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ യുവ സംരംഭകരെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനം തുടർന്നുവരുന്നു.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

7(*37) ശ്രീമതി കെ. കെ. ലതിക :
ശ്രീ. എ. കെ.ബാലൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവജാതശിശുക്കളുടെ മരണങ്ങൾ കൊണ്ടുള്ള അട്ടപ്പാടിയിലെ ദുരിതങ്ങൾക്കറുതി വരുത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;